(ഇ) അതുകളിൽ ബഞ്ചുകോട്ട് വിധികർം അസ്ഥിരപ്പെടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിൽ ഓരോ കോട്ടിൽ എത്രവീതം ഉണ്ട്?

രാമവമ്മതമ്പുരാൻ: (എ)—(ഇ)* ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

SUGAR—AVAILABILITY OF AT TRICHUR

18. Mr. M. K. Devassy *(Adur)*: Will Government be pleased to state.—

(*a*) whether it is aware that sugar is not available at Trichur at the controlled rates now;

(*b*) whether the Government has any idea of the stock of sugar at Trichur now; and

(*c*) whether the Government has insisted upon filing any statement of the stock of sugar with the merchants in the State?

Mr. A. Madhava Prabhu *(Commissioner of Civil Supplies)*:

(*a*) No.

(*b*) Yes.

(*c*) Yes.

FAILURE OF ELECTRIC LIGHTS—NEMMARA—PARTICULARS OF

19. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൫൭ എടവം ൧൪-ാംനു-ക്കുശേഷം ൧൯൫൮ ചിങ്ങം ൧൪-ാംനു-ക്കകത്തു നെമ്മാറയിൽ ആകെ എത്ര ദിവസം വിദ്യുദീപം കത്താതിരുന്നിട്ടുണ്ടെന്നു പറയാമോ;

(ബി) ഓരോ പ്രാവശ്യവും എത്രയെത്ര ദിവസം തുടച്ചയായി അവിടെ വിളക്കില്ലാതിരുന്നിട്ടുണ്ടു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ൧൧ ദിവസം.

(ബി) ൧൯൫൭ ൭ എടവം ൨൩-ാംനു- മുതൽ ൧൯൫൭ എടവം ൨൬-ാംനു-വരെ ൪ ദിവസം. ൧൯൫൭ ൭ എടവം ൨൭-ാംനു- ൧ ദിവസം. ൧൯൫൭ ൭ മിഥുനം ൨-ാംനു-മുതൽ ൧൯൫൭ മിഥുനം ൫-ാംനുവരെ ൪ ദിവസം. ൧൯൫൭ ൭ കർക്കടകം ൪ ൧൦-ാംനു-മുതൽ ൧൯൫൭ ചിങ്ങം ൧-ാംനുവരെ ൨ ദിവസം.

മിസ്റ്റർ സി. കെ. നായർ: തുടച്ചയായി വിളക്കു കത്താത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ രണ്ടു് എഞ്ചിൻമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു എഞ്ചിനു വലുതായ കേടുപറ്റി. അതുകൊണ്ടു് വേറെ ഒരു എഞ്ചിൻ കൊണ്ടുവന്നു വെക്കുന്നതുവരെ ഇങ്ങിനെചില തടസ്സങ്ങൾകൊണ്ടു് ലൈറ്റു കിട്ടാതെ വന്നിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ: ഇനി തുടച്ചയായി വിളക്കു കിട്ടുമായിരിക്കും.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു തീർച്ചപറയുവാൻ തരമില്ല. ഇപ്പോഴുള്ളതു് പഴയ എഞ്ചിനുകളാണു്. പുതിയതു കിട്ടുവാൻ മാർഗ്ഗമില്ല. പുതിയതു കിട്ടുവാൻ വേണ്ടി ഞാൻ ഉത്സാഹിച്ചുവരുന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ: പ്രത്യേകിച്ചും മണ്ണെണ്ണ കിട്ടാതെ വളരെ ബുദ്ധിമുട്ടേണ്ടിയിരിക്കുന്നു. മാത്രമല്ല ഉള്ള വിളക്കുകൾപോലും ഉപയോഗിക്കാതെ തുരുമ്പുപിടിച്ചുപോയിട്ടുണ്ടു്. അതുകൊണ്ടു് ഇനി തുടച്ചയായി വിളക്കു് കിട്ടാതിരുന്നാൽ വളരെ കഷ്ടമാണു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കഴിയുന്നതും അതിലേക്കു വേണ്ടതു ചെയ്തുവരുന്നുണ്ടു്.

SUPPLY OF WATER TO BRITISH LANDS FROM THE CHITTUR IRRIGATION WORKS—PARTICULARS REGARDING

20. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) സർക്കാരിൽനിന്നു ചിറ്റൂർ അണക്കെട്ടിലെ വെള്ളം കൊടുത്തു തുടങ്ങിയ കാലത്തു വെള്ളം കിട്ടിയിരുന്ന ബ്രിട്ടീഷു് പ്രദേശങ്ങളിൽ വാർത്തുവിത നടപ്പുണ്ടായിരുന്നുവോ;

*Appendix I.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഉണ്ടോ, ഉണ്ടെങ്കിൽ എത്ര ഏക്കർ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഇല്ല.

(ബി) ഇല്ല.

മിസ്റ്റർ സി. കെ. നായർ: ഇക്കൊല്ലം വാത്തുവിത ഉള്ള കാലമല്ലന്നല്ലേ 'ഇല്ല' എന്നതിൽനിന്നും മനസ്സിലാക്കേണ്ടതു".

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്കു വെള്ളം കൊടുക്കാറില്ലെന്നാണു പറഞ്ഞിട്ടുള്ളതു".

മിസ്റ്റർ സി. കെ. നായർ: വാത്തുവിത കൃഷി ഉണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇറിഗേഷൻ കനാലിലേക്കു വെള്ളം വിട്ടുകൊടുത്തു ആ വെള്ളംകൊണ്ടു" കൃഷിചെയ്യാൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ കൃഷി നടത്തിവരുന്നുള്ളു. അല്ലാതെ വാത്തുവിതക്കു വെള്ളം കൊടുത്തുവരുന്നില്ല.

മിസ്റ്റർ സി. കെ. നായർ: അവിടെ വാത്തുവിത നടത്തുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഗവൺമെണ്ടിനറിവില്ല.

മിസ്റ്റർ സി. കെ. നായർ: ഉണ്ടോ എന്നു" അന്വേഷിക്കാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്കു വെള്ളം കൊടുക്കാറില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: വാത്തുവിതക്കു വെള്ളം കൊടുക്കാറില്ലെങ്കിലും കൂലം നിറച്ചു കൊടുക്കാവുന്നതാണോ ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: ഉണ്ടു".

മിസ്റ്റർ സി. കെ. നായർ: കൂലം നിറച്ചുകൊടുക്കുന്നതു കൃഷിയുടെ ആവശ്യത്തിനോ കൂളിക്കുവാൻവേണ്ടിയോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൃഷിയാവശ്യത്തിനാണു". പക്ഷെ വാത്തുവിതയുടെ ആവശ്യത്തിനായിട്ടു" വെള്ളം കൊടുക്കാറില്ല. കൂലം നിറച്ചു കൊടുക്കാവുന്നതു".

മിസ്റ്റർ സി. കെ. നായർ: വാത്തുവിതയുടെ ആവശ്യത്തിനു അവർ വെള്ളം വാങ്ങാറില്ലേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊടുക്കാവുമില്ല, വാങ്ങാവുമില്ല.

മിസ്റ്റർ സി. കെ. നായർ: കൊടുക്കുന്നവെള്ളംകൊണ്ടു" ബ്രിട്ടീഷിലെ ഭൂമികളിലുള്ളനിലങ്ങളിൽ എവിടെയെങ്കിലും വാത്തുവിത നടത്തുന്നുണ്ടോ എന്നു" ഗവൺമെണ്ടു" അന്വേഷിച്ചിട്ടുണ്ടോ ? എപ്പോഴെങ്കിലും ഇതിനുമുമ്പു വാത്തുവിതക്കു വെള്ളം കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്കു മുമ്പും വെള്ളം കൊടുത്തിട്ടില്ല. ഈ കാലങ്ങളിലും കൊടുക്കാറില്ല. കൂലങ്ങളിൽ നിറച്ചുകൊടുക്കുന്ന വെള്ളം കൃഷി ഉപയോഗിച്ചതിനുശേഷം ബാക്കിയുള്ള വെള്ളത്തിന്റെ ഉറവുകൊണ്ടു" വാത്തുവിത നടത്തുന്നുണ്ടോ എന്നറിവില്ല.

മിസ്റ്റർ സി. കെ. നായർ: മറ്റുള്ള ആവശ്യങ്ങൾക്കു വെള്ളം കൊടുക്കാവുന്നതല്ലെ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊടുക്കാവുന്നു".

21. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിലെ അണകളിൽനിന്നു ബ്രിട്ടീഷിലെ കൃഷിക്കു വെള്ളം കൊടുക്കാവുന്നതാണോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം അണകളിൽനിന്നു";

(സി) ഈ "വെള്ളം കൊടുക്കൽ" ആദ്യം തുടങ്ങിയതു" എപ്പോൾ;

(ഡി) എത്ര ഏക്കർ സ്ഥലത്തിന്നാണു" അന്നു വെള്ളം കൊടുത്തിരുന്നതു";

(ഇ) ഇവിടത്തെ വെള്ളംകൊണ്ടു" ഇന്നു" അവിടെ എത്ര ഏക്കർ സ്ഥലം നനക്കുന്നുണ്ടു";

(എഫ്) നിശ്ചയപ്രകാരമുള്ള വെള്ളം മാരോ പ്രാവശ്യവും കൊടുത്തുകഴിഞ്ഞുവൊ എന്നു നിർണ്ണയിക്കുവാനുള്ള മാനദണ്ഡമെന്തു";

LIBRARY ARCHIVES Kerala Legislative Assembly